**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6245** **17-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സേവന വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ കൈവശമുള്ള മിച്ചഫണ്ട് ഉപയോഗിച്ച് പശ്ചാത്തല വികസന പദ്ധതികളും ലൈഫ് പദ്ധതി ഉൾപ്പെടെയുള്ള സാമൂഹ്യ സേവന വികസന പദ്ധതികളും ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് CARe KERALA (Co-operative Alliance to Rebuild Kerala) എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ചു. CARe HOME, CARe LOAN, CARe GRACE എന്നിങ്ങനെ 3 ഘടകങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഉപപദ്ധതിയാണ് പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന CARe HOME പദ്ധതി.<br><br><u>കെയർ ഹോം ഒന്നാം ഘട്ടം</u><br><br>കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ റവന്യൂ വകുപ്പ്, ജില്ലാകളക്ടർ എന്നിവരുടെ അധികമായി വീടുകൾ നിർമ്മിച്ചു നൽകണമെന്ന അപേക്ഷ പരിഗണിച്ച്, പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം വിവിധ ഘട്ടങ്ങളായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങൾ സംഭാവനയായി നൽകിയതുകയും സഹകരണ വകുപ്പിൽ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ഉൾപ്പെട്ട തുകയിൽ നിന്നാണ് കെയർഹോം പദ്ധതിയുടെ ഒന്നാം ഘട്ട ഭവന നിർമ്മാണങ്ങൾക്ക് വിഭവ സമാഹരണം നടത്തിയിട്ടുള്ളത്.<br><br><u>കെയർ ഹോം പദ്ധതി രണ്ടാം ഘട്ടം</u> |

| | | | |
|---|---|---|---|
| | | | 2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്.<br><br>സഹകരണ സംഘങ്ങളുടെ ലാഭത്തിൽ നിന്ന് അംഗങ്ങൾക്ക് നൽകേണ്ട ഡിവിഡന്റ് പൊതുയോഗത്തിന്റെ അനുവാദത്തോടെ പദ്ധതിയിലേക്ക് മാറ്റിയാണ് പദ്ധതിയുടെ രണ്ടാം ഘട്ട നിർവ്വഹണത്തിന് ധനസമാഹരണം നടത്തിയിട്ടുള്ളത്.<br><br>2018 ആഗസ്റ്റ് മാസം സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തം മൂലം പഠനോപകരണങ്ങൾ നഷ്ടപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ആയത് ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങളുടെ പൊതുനന്മാ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് അനുമതി നൽകി.<br><br>കോവിഡ് 19 മഹാമാരിയെത്തുടർന്ന് സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ച കാലയളവിൽ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകാത്ത സഹകരണ ബാങ്ക് അതിർത്തിക്കുള്ളിൽ താമസിക്കുന്ന, ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ടെലിവിഷൻ സൗകര്യം ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. |

സെക്ഷൻ ഓഫീസർ